<u>ഊരിയേപ്പടിക്കൽ ശാഖ</u>

കവുങ്ങും പ്രയാർ, കുമ്പനാട്

മാരേട്ട് ശാഖാസ്ഥാപകനായ നൈനാ ഉമ്മുമ്മ ഇളയ സഹോദരൻ നൈനാ അവിരായാണ് ഊരിയേപ്പടിക്കൽ ശാഖയുടെ സ്ഥാപകൻ.

മാവേലിക്കര വടക്കേത്തലയ്ക്കൽ നൈനാ മരിച്ചു കഴിഞ്ഞ് അദ്ദേഹ ത്തിന്റെ ഭാര്യയും രണ്ടാൺമക്കളും അടങ്ങപത്ത് വന്ന് താമസിക്കുകയും മക്കൾ പ്രായമായ ശേഷം മാരേട്ടു വീടും പറമ്പും വാങ്ങി അമ്മയോടൊപ്പം അങ്ങോട്ടു താമസമാക്കുകയും ചെയ്ത വിവരം മാരേട്ടു ശാഖാ ചരിത്രത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

അവിരായ്ക്ക് ജ്യേഷ്ഠനേക്കാൾ പന്ത്രണ്ടു വയസ്സോളം പ്രായം കുറവാ യിരുന്നു. അതിനാൽ ഇളയ സഹോദരനെപ്പോലെയല്ല, മകനെപ്പോലെയാണ് ഉമ്മുമ്മൻ അവിരായെ കരുതിയിരുന്നത്. അവിരായ്ക്ക് ജ്യേഷ്ഠൻ ഉമ്മു മ്മനോട് ഒരു പിതാവിനോടെന്നവണ്ണമുള്ള ഭക്തി ബഹുമാനങ്ങളുമുണ്ടാ യിരുന്നു. ഈ ബന്ധത്തിന്റെ സവിശേഷതയെ സൂചിപ്പിക്കുന്ന ഒരു സംഭവം മാത്രം ഇവിടെ പ്രസ്താവിച്ചു കൊള്ളട്ടെ, ബാലനായിരുന്ന അവിരാ കൂട്ടു കാരുമൊത്ത് എന്തോ കുസൃതി കാണിച്ചതിന് കല്ലൂപ്പാറ പള്ളിയിലെ അന്ന ത്തെ വികാരി എന്തോ ചെറിയ ശിക്ഷ കൊടുത്തു. അനുജൻ ജ്യേഷ്ഠനോട് പരാതി പറഞ്ഞു. ഒരു ശിക്ഷ അർഹിക്കുമാറ് ഗുരുതരമാണ് തന്റെ അനു ജൻ തെറ്റ് എന്നു ജ്യേഷ്ഠനു തോന്നിയില്ല. ഈ അന്യായ ശിക്ഷയ്ക്ക അച്ചനെക്കൊണ്ടു പരിഹാരമുണ്ടാക്കണമെന്ന് ഉമ്മുമ്മൻ തന്റെ അമ്മാ വന്മാരോടു പറഞ്ഞു. അവരാകട്ടെ ഒരു വൈദികനോട് അപ്രകാരം ചെയ്യുന്ന തിലെ അനൗചിത്യം ഓർത്ത് മിണ്ടാതിരുന്നു. ശരി, ഞാൻ തന്നെ പരിഹാരം കണ്ടോളാം എന്നു പറഞ്ഞു ഉമ്മുമ്മൻ നേരേ പോയത് തിരുവല്ലാ മണ്ഡ പത്തിൽ വാതില്ക്കലേക്കാണ്. (അക്കാലത്ത് പ്രജകളുടെ പരാതി കേൾ ക്കുന്ന സ്ഥലം മണ്ഡപത്തിന്റെ വാതില്ക്കലായിരുന്നു). പരാതി പ്രകാരം അച്ച നെ പിടിച്ചുകൊണ്ടുപോയി ഒരു ദിവസം ഡാണാവിൽ വച്ച് പ്രായശ്ചിത്തം ചെയ്യിച്ചിട്ടാണ് തിരികെ വിട്ടത്.

അന്നത്തെ നിലയിൽ സംസ്കൃതം, തമിഴ്, മലയാളം, വട്ടെഴുത്ത്, നാനം മൂനം തുടങ്ങിയ ഭാഷകളിൽ പ്രത്യേകം അദ്ധ്യാപകരെക്കൊണ്ടു ആവശ്യമായ അറിവു ജ്യേഷ്ഠൻ അനുജനു നേടിക്കൊടുത്തു.

വിവാഹപ്രായമായപ്പോൾ ഇരവിപേരൂർ ശങ്കരമംഗലത്ത് അച്ചാര് എന്നു പേരായ സ്ത്രീയെ വിവാഹം കഴിച്ചു. അതിനുശേഷവും കുറെക്കാലം ജ്യേഷ്ഠ നോടൊപ്പം മാരേട്ട് തന്നെയാണ് അനുജൻ താമസിച്ചിരുന്നത്. പിന്നീട് തറയിൽ വീട്ടുകാരോട് ഊരിയേപ്പടിക്കൽ പുരയിടം വാങ്ങി വീടുവച്ചു